(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കാമോ ,

(ഡി) ആയതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ

ഉത്തരം

(എ) ആയുഷ് വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആയുഷ് പദ്ധതി കേരളത്തിലേക്ക് കൂടുതൽ ലഭ്യമാക്കി കേരളത്തിന്റെ തനതു ചികിത്സാ രീതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനും സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിച്ച് ചികിത്സാ നിലവാരവും വർദ്ധിപ്പിച്ച് ആഗോള വ്യാപകമായി ആയുർവ്വേദ ചികിത്സ വളർത്തിയെടുക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

(സി) ഭാരതീയ ചികിത്സാവകുപ്പും നോമിയോവകുപ്പുമാണ് ഇതുമായി സഹകരിക്കുന്നത്.

(ഡി) ഇത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് പഠനം നടത്തിവരുന്നു.

ഭാരതീയ ചികിത്സാവകുപ്പിന്റെ ഭൂതു പദ്ധതി

107 (6812) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാവകുപ്പ് നടപ്പാക്കുന്ന ഭൂതു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖേന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുക, അവരിൽ കാണപ്പെടുന്ന ആർത്തവ തകരാറുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായ ഇടവേളകളിൽ പരിശോധനയും ഔഷധങ്ങളും ലഭ്യമാക്കുക, ഈ പ്രായക്കാരിൽ നല്ലൊരു ശതമാനത്തിന് കാണപ്പെടുന്ന Polycystic Ovarian Syndrome (PCOS), Premenstrual Syndrome (PMS), തൈറോയിഡ് ഗ്രന്ഥി സംബന്ധിച്ച ആരോഗ്യ പ്രശ്നങ്ങൾ, സ്വഭാവത്തിലെ വൈകല്യങ്ങൾ, മാനസിക വ്യാപാരങ്ങളിലെ വ്യതിയാനങ്ങൾ എന്നിവയെ സമഗ്രമായി വിലയിരുത്തി ആരംഭത്തിലേ പരിഹാരമാർഗ്ഗങ്ങളും ചികിത്സയും ലഭ്യമാക്കുക എന്നിവയാണ് 'ഉഴതു' പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) വിദ്യാർത്ഥികളിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:-

1. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു പോഷ്യാവലി തയ്യാറാക്കി നൽകി അതിനെ അപഗ്രഥിച്ച് ചികിത്സ ആവശ്യമായവരെ കണ്ടുപിടിക്കുന്നു.

2. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു മാസത്തിൽ ചുരുങ്ങിയത് രണ്ട് തവണയോ അല്ലെങ്കിൽ മെഡിക്കൽ ടീമിന്റെ തീരുമാനമനുസരിച്ചോ പരിശോധന നടത്തി ഔഷധങ്ങൾ വിതരണം ചെയ്യുന്നു.

3. ആവശ്യമുള്ള ലാബോറട്ടറി പരിശോധനകൾ, അൾട്രാ സൗണ്ട് സ്കാൻ പരിശോധന എന്നിവ സൗജന്യമായി ചെയ്തു കൊടുക്കുന്നു.

4. കുട്ടികൾക്കും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു.

5. ആരോഗ്യസംരക്ഷണസ്വഭാവമായ യോഗാഭ്യാസങ്ങൾ പരിശീലിപ്പിക്കുന്നു.

6. ആയുർവ്വേദ ശാസ്ത്രത്തിന് ഊന്നൽ നൽകി ആർത്തവകാല രോഗ പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്ലാസ്സുകൾ നടത്തുന്നു.

7. ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകുന്നു.

8. വിദ്യാഭ്യാസ വർഷാവസാനം പ്രോജക്ടിന്റെ നടത്തിപ്പിനെ അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കി സ്റ്റാറ്റിസ്റ്റിക്കൽ പഠനം നടത്തുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി കൊല്ലം, മലപ്പുറം ജില്ലകളിൽ മെഡിക്കൽ ഓഫീസർമാർ, പാരാ മെഡിക്കൽ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ മെഡിക്കൽ ടീം രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പ്രത്യേക പോഷ്യാവലി തയ്യാറാക്കി മുഴുവൻ വിദ്യാർത്ഥികൾക്കും നൽകി അതിൽ നിന്നും ചികിത്സയും അനുബന്ധ സഹായങ്ങളും ആവശ്യമുള്ളവരെ കണ്ടുപിടിച്ച് ഔഷധം, ലാബോറട്ടറി, അൾട്രാ സൗണ്ട് സ്കാൻ പരിശോധന മുതലായവ സൗജന്യമായി ചെയ്തുകൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly